നം. എ 6-4258/2022/സ്ത്രീ.കു.ആ.

ഗവ.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി.
തൈയ്ക്കാട്, തിരുവനന്തപുരം.
തീയതി, 16.06.2022

## ക്വട്ടേഷൻ നോട്ടീസ്

തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വളപ്പിലും ക്വാർട്ടേഴ്സുകളിലുമുള്ള ഫലവൃക്ഷാദികളിൽ നിന്നും 01.07.2022 മുതൽ 30.06.2023 വരെ കാലയളവിൽ ഉണ്ടായേക്കാവുന്ന മേലാദായം എടുക്കുവാൻ താത്പര്യമുള്ളവരിൽ നിന്നും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ആശുപത്രി വളപ്പിലും ക്വാർട്ടേഴ്സുകളിലുമായി മാവ് - 16 എണ്ണം, പുളി - 11 എണ്ണം, പ്ളാവ് - 7 എണ്ണം എന്നിവയുണ്ട്.

ക്വട്ടേഷൻ 2022 ജൂൺ മാസം 28-ാം തീയതി 11.30 മണി വരെ തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 12 മണിയ്ക്ക് സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതുമായിരിക്കും.

ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 500 രൂപയുടെ നിരതദ്രവ്യം (ഡിഡി), സൂപ്രണ്ട്, തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്ന പേരിൽ അംഗീകൃത ബാങ്കിൽ നിന്നും എടുത്ത് ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്. തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും "ആശുപത്രിയിലേയും ക്വാർട്ടേഴ്സ് വളപ്പിലേയും ഫലവൃക്ഷാദികളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് കവറിന് പുറത്ത് എഴുതിയിരിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ക്വട്ടേഷൻ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

മേൽപ്പറഞ്ഞ ഫലവൃക്ഷങ്ങൾ പ്രകൃതിക്ഷോഭം മൂലമോ ആശുപത്രി വികസനത്തിന്റെ പേരിലോ മറ്റേതെങ്കിലും കാരണവശാലോ നഷ്ടപ്പെടുവാൻ ഇടയായാൽ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾക്ക് യാതൊരു നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

മതിയായ തുക ലഭിയ്ക്കാതെ വരുന്ന സാഹചര്യത്തിലോ മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷനുകൾ സ്വീകരിക്കാനോ തള്ളിക്കളയാനോ നീട്ടിവെക്കാനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

ഏറ്റവും ഉയർന്ന തുകയ്ക്ക് ക്വട്ടേഷൻ രേഖപ്പെടുത്തുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതായിരിക്കും.

ക്വട്ടേഷൻ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള രേഖാമൂലമുള്ള ഉത്തരവ് ലഭിച്ചാൽ 7 ദിവസത്തിനകം ക്വട്ടേഷൻ ഉറപ്പിച്ച വ്യക്തി ക്വട്ടേഷൻ തുകയും നിയമാനുസൃതമായ നികുതിയും ഓഫീസിൽ അടയ്ക്കേണ്ടതും 200 രൂപയുടെ മുദ്രപ്പത്രത്തിൽ നിയമപ്രകാരമുള്ള ഉടമ്പടി സ്വന്തം ചെലവിൽ എഴുതി സമർപ്പിക്കേണ്ടതുമാണ്. അതിന് ശേഷം മാത്രമേ ആദായം എടുക്കുവാൻ അനുവദിക്കുകയുള്ളൂ. രോഗികൾക്കോ ജീവനക്കാർക്കോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കോ യാതൊരു ബുദ്ധിമുട്ടും വരുത്താതെ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ (പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ) മാത്രമേ ആദായം എടുക്കാൻ സാധിക്കുകയുള്ളൂ.

മേൽ നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും ടിയാൾ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്.

സൂപ്രണ്ട്

സ്വീകർത്താവ് ;

നോട്ടീസ് ബോർഡ്

പകർപ്പ് ;-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
2. ജില്ലാമെഡിക്കൽ ആഫീസർ (ആരോഗ്യം) , തിരുവനന്തപുരം
3. ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
4. എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം
5. ജില്ലാ മോഡൽ ആശുപത്രി, പേരൂർക്കട , തിരുവനന്തപുരം
6. താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം
7. കോർപ്പറേഷൻ ആഫീസ്, തിരുവനന്തപുരം
8. വില്ലേജ് ഓഫീസ് , തൈയ്ക്കാട് , തിരുവനന്തപുരം
9. ലേ-സെക്രട്ടറി ആന്റ് ട്രഷറർ
10. ഫയൽ / കരുതൽ ഫയൽ